# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1138

04.12.2014 ൽ മറുപടിയ്ക്ക്

**കോതമംഗലം മാമലക്കണ്ടം ഗവൺമെന്റ് യു.പി. സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. റ്റി.യു. കുരുവിള | | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) | കോതമംഗലം, മാമലക്കണ്ടം ഗവൺമെന്റ് യു.പി. സ്കൂളിനെ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത സാഹചര്യത്തിൽ ഇവിടെ അദ്ധ്യാപകരെ നിയമിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) & (ബി) | 05.05.2014-ലെ സ.ഉ. (കൈ) 73/2014/ പൊ.വി. ഉത്തരവു പ്രകാരം മാമലക്കണ്ടം ഗവൺമെന്റ് യു.പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്തി ഉത്തരവു പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാമലക്കണ്ടം ഗവ. ഹൈസ്കൂളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ആദിവാസികളും പിന്നോക്ക ജന വിഭാഗങ്ങളും അധിവസിക്കുന്ന ഈ മേഖലയുടെ പ്രത്യേകത പരിഗണിച്ച് ഇവിടെ സ്ഥിരം അദ്ധ്യാപകരെ അടിയന്തിരമായി നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ. വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | സ്ഥിരാദ്ധ്യാപകർ വരുന്നത് വരെ അദ്ധ്യയനം നടത്താൻ താല്ക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | താത്ക്കാലികമായി തസ്തികയില്ലാതെ അധികമായി നിൽക്കുന്ന അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ